©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 ഒക്ടോബർ 17
17th October 2025
1201 കന്നി 31
31st Kanni 1201
1947 ആശ്വിനം 25
25th Aswina 1947

നമ്പർ
No.
3687

ഫോറം നമ്പർ 4

[ചട്ടം 11(3) കാണുക]

വിജ്ഞാപനം

DCPKD/989/2025-C2

2025 ഒക്ടോബർ 9

കേരള സർക്കാരിന്റെ 07-05-2020 തീയ്യതിയിലെ ജി.ഒ. (ആർ ടി.) നമ്പർ 1716/2020/ആർ.ഡി. ഉത്തരവ് പ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 -ലെ കേന്ദ്ര ആക്ട് നമ്പർ 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വഹിക്കുവാൻ പാലക്കാട് എൽ.എ. (കിഫ്ബി) സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചുത്തരവായിരുന്നതിനാലും;

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം (PAPCOS) -ന്റെ കീഴിൽ ആരംഭിക്കുന്ന ആധുനിക റൈസ് മിൽ പദ്ധതിയുടെ ഭാഗമായി 8 മീറ്റർ റോഡിനായി ആലത്തൂർ താലൂക്ക് കണ്ണമ്പ്ര -1 വില്ലേജിലായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യമാകുന്നതിനാലും ;

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013- ലെ കേന്ദ്ര ആക്ട് നമ്പർ 30) വകുപ്പ് 4, ഉപവകുപ്പ് (1)- ലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാകളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ ;

ഇപ്പോൾ ,തന്മൂലം, 16-07-2025 തിയതിയിലെ G.O.(Ms.)No. 217/2025/RD സർക്കാർ ഉത്തരവ് പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്ത യൂണിറ്റായ പ്ലാനറ്റ് കേരള, വലിയവിള, തിരുമല.പി.ഒ., തിരുവനന്തപുരം എന്ന സ്ഥാപനത്തെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹ്യപ്രത്യാഘാത നിർവഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ 45 ദിവസത്തിനകം തീർക്കേണ്ടതാണ്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

ജില്ല -പാലക്കാട് *താലൂക്ക്* - ആലത്തൂർ

ക്രമ നമ്പർ	*വില്ലേജ്*	*ബ്ലോക്ക് നമ്പർ*	*സർവ്വെ നമ്പർ*	*ഭൂമിയുടെ തരം*	*വിസ്തീർണ്ണം*
1	കണ്ണമ്പ്ര -1	35	269/4	പുരയിടം	0.3399 ഹെക്ടർ
2	കണ്ണമ്പ്ര -1	35	269/9	പുരയിടം	

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3	കണ്ണമ്പ്ര –1	35	269/10	പുരയിടം	
4	കണ്ണമ്പ്ര –1	35	269/11	പുരയിടം	
5	കണ്ണമ്പ്ര –1	35	269/12	പുരയിടം	

(ഒപ്പ്)
ജില്ലാ കളക്ടർ,
പാലക്കാട്

<u>വിശദീകരണ കുറിപ്പ്</u>

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല . എന്നാൽ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.)

ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 19-09-2015 ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതും പ്രസ്തുത ചട്ടത്തിലെ റൂൾ 10 പ്രകാരം സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനായി സാമൂഹ്യ പ്രത്യാഘാത യൂണിറ്റിനെ നിയമിക്കേണ്ടതുണ്ട്. പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം (PAPCOS)- ന്റെ കീഴിൽ ആരംഭിക്കുന്ന ആധുനിക റൈസ് മിൽ പദ്ധതിയുടെ ഭാഗമായി 8 മീറ്റർ റോഡിനായി പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്ക് കണ്ണമ്പ്ര –1 വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ലഭിച്ചിട്ടുണ്ട്.

മേൽ ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.17 07:31:15 +05:30